# കില
## വാർത്താപത്രിക

VOLUME-10
ISSUE-3
MARCH 2017

kilathrissur@gmail.com | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




കണ്ണൂരിൽ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം സംസ്ഥാന ഗവർണ്ണർ **ജസ്റ്റിസ് പി.സദാശിവം** ഉദ്ഘാടനം ചെയ്യുന്നു

## ഗ്രാമപഞ്ചായത്തംഗങ്ങൾക്കു സമഗ്രക്ഷേമപദ്ധതി പരിഗണനയിലെന്ന് മന്ത്രി ഡോ. കെ. ടി. ജലീൽ

ഗ്രാമപഞ്ചായത്തംഗങ്ങൾക്കും മുൻ അംഗങ്ങൾക്കും സമഗ്രക്ഷേമപദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുവരികയാണെന്നു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ഡോ.കെ.ടി.ജലീൽ അറിയിച്ചു. കണ്ണൂരിൽ പഞ്ചായത്ത്ദിനാഘോഷത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.ഇതേക്കുറിച്ച് റിപ്പോർട്ടു തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കു 400 ഉം അംഗങ്ങൾക്കു 300 രൂപയുമായി വർദ്ധിപ്പിക്കുന്ന ശുപാർശയും പരിഗണനയിലാണ്. പുതിയ കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും രൂപീകരണത്തെതുടർന്നു അധികം വന്ന പഞ്ചായത്ത് ജീവനക്കാരെ ജനസംഖ്യ കൂടിയ പഞ്ചായത്തുകളിൽ പുനർവിന്യസിക്കുമെന്നും മന്ത്രി അറിയിച്ചു. പഞ്ചായത്ത് ദിനാഘോഷത്തിന്റെ മാതൃകയിൽ അടുത്തവർഷം മുതൽ നഗരദിനവും ആഘോഷിക്കും.നഗരവകുപ്പു തുടങ്ങിയ വർഷം ആഘോഷിക്കാനാണ് ഉദ്ദേശിക്കുന്നത്.ഗ്രാമഹൃദയമാണ് പഞ്ചായത്ത് ഓഫീസുകൾ. അവ നന്നായാൽ നാടു നന്നാകും. പഞ്ചായത്തിലെത്തുന്നവരുടെ ആവശ്യങ്ങൾക്കു എത്രയും പെട്ടെന്നു പരിഹാരമുണ്ടാകണം. വൈകി കിട്ടുന്ന സേവനം അതു നിഷേധിക്കുന്നതിനു തുല്യമാണ്.പഞ്ചായത്തുകൾക്കു ആവശ്യത്തുനു അധികാരവും പണവും നൽകുന്നുണ്ടെങ്കിലും എവിടെയൊക്കെയോ ചില കുരുക്കുകളുണ്ട്. അവ അഴിച്ചുമാറ്റാൻ ക്രിയാത്മക നടപടി വേണം. തദ്ദേശഭരണം അഴിമതി മുക്തമാക്കുന്നതിന്റെ ഭാഗമായാണ് ഫോർ ദി പീപ്പിൾ എന്ന വെബ്പോർട്ടൽ വഴി പരാതി ജനങ്ങൾക്കു നേരിട്ടു അറിയിക്കാനുള്ള സംവിധാനമൊരുക്കിയത്.

ഗവർണർ ജസ്റ്റിസ് പി.സദാശിവം സമ്മേളനം ഉദ്ഘാടനം ചെയ്തു.മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ.കെ. ശൈലജ എന്നിവർ സംസാരിച്ചു.പി.കെ.ശ്രീമതി എം.പി. ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് എന്നിവർ പങ്കെടുത്തു.ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.പി.വിശ്വംഭരപ്പണിക്കർ സ്വാഗതവും പഞ്ചായത്ത് ഡയറക്ടർ പി.ബാലകിരൺ നന്ദിയും പറഞ്ഞു.നവകേരളത്തിനായി ജനകീയാസൂത്രണം സെമിനാറിൽ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് വിഷയം അവതരിപ്പിച്ചു.കണ്ണൂർ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി.വിദ്യ അദ്ധ്യക്ഷയായിരുന്നു.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ,ശുചിത്വമിഷൻ ഡയറക്ടർ സി.വി.ജോയി,ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ.സുഭാഷ്,എ.പി.അജിത്കുമാർ,അബ്ദുൾ ജബ്ബാർ എന്നിവർ സംസാരിച്ചു.



ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടിയിൽ സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ സംസാരിക്കുന്നു

## ജനകീയാസൂത്രണം: ജില്ല ആസൂത്രണസമിതി അംഗങ്ങൾക്കു പരിശീലനം

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ആറു ജില്ലകളിൽനിന്നുള്ള ജില്ലാപഞ്ചായത്ത് ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർ, കൺവീനർമാർ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവർക്കു കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു.

സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാലിന്റെ ആമുഖപ്രഭാഷണത്തോടെയാണ് പരിശീലനപരിപാടി തുടങ്ങിയത്. കില ഡയറക്ടർ ഡോ.പി.പി. ബാലൻ, കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, കോർഡിനേറ്റർ ജി.കെ.സദനരാജൻ എന്നിവർ സംസാരിച്ചു.

ജനകീയാസൂത്രണത്തിന്റെ നയസമീപനം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വികസനരേഖ തയ്യാറാക്കൽ, ചുമതലകൾ, കർമ്മപരിപാടി തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

ജനകീയാസൂത്രണത്തിന്റെ മാസ്റ്റർ ട്രെയിനർ ടി.ഗംഗാധരൻ, എസ്.ആർ.ജി അംഗങ്ങളായ എസ്.ജമാൽ, കെ. അർജുനൻ, ജില്ലാകോർഡിനേറ്റർ വി.വി.സുധാകരൻ എന്നിവർ നേതൃത്വം നൽകി. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽനിന്നും കോച്ചി കോർപ്പറേഷനിൽനിന്നുള്ളവരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്.



പ്രാദേശികഭരണത്തെക്കുറിച്ച് കിലയിൽ പരിശീലനത്തിനെത്തിയ ഐ.പി.എസ്. പ്രൊബേഷണറി ഓഫീസർമാർ കില ഡയറക്ടറുമായി ചർച്ച നടത്തുന്നു

## ഐ.പി.എസ് പ്രൊബേഷണറി ഓഫീസർമാർക്കു പരിശീലനം

**കേ**രള കേഡറിലുള്ള ഐ.പി.എസ്.പ്രൊബേഷണറി ഓഫീസർമാർക്കു പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് കിലയിൽ മൂന്നുദിവസത്തെ പരിശീലനം നൽകി. അധികാരവികേന്ദ്രീകരണം സംബന്ധിച്ച ഭരണഘടനാഭേദഗതി, കേരളത്തിലെ അധികാരവികേന്ദ്രീകരണം, പ്രാദേശിക ആസൂത്രണം, സാമ്പത്തിക വികേന്ദ്രീകരണം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരങ്ങൾ, ചുമതലകൾ, സേവനങ്ങൾ, ജില്ലാ ആസൂത്രണസമിതിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.പരിശീലനത്തിന്റെ ഭാഗമായി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. വിവിധ ഘടകസ്ഥാപനങ്ങളിലെത്തി അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കി. സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ സംസാരിച്ചു.

ഡോ. സണ്ണിജോർജ്, ഡോ.പീറ്റർ എം.രാജ്, സി.രാധാകൃഷ്ണൻ, ജെ.നെൽസൺ, രേണുകുമാർ, പി.വി.രാമകൃഷ്ണൻ, എം.കെ.രവീന്ദ്രനാഥ്, പി.കെ.ജയദേവൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.



പഞ്ചായത്ത്ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ **മന്ത്രി ഡോ.കെ.ടി.ജലീൽ** ഉദ്ഘാടനം ചെയ്യുന്നു

# **സ്വരാജ് ട്രോഫി** : ചെമ്പിലോടും ശ്രീകൃഷണപുരവും മികച്ച ഗ്രാമപഞ്ചായത്തുകൾ

**മി**കച്ച പ്രവർത്തനം കാഴ്ചവച്ച (2015–2016 വർഷം) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തും പങ്കിട്ടു. കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിനാണ് മൂന്നാം സ്ഥാനം. ഒന്നാംസ്ഥാനം രണ്ടു ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടതിനാൽ രണ്ടാംസ്ഥാനമില്ല. 22.5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി സഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവുമടങ്ങുന്നതാണ് ഒന്നാംസ്ഥാനത്തിനുള്ള പുരസ്കാരം. മൂന്നാംസ്ഥാനത്തിനു പതിനഞ്ചു ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

മികച്ച ബ്ലോക്ക് പഞ്ചായത്തായി കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിനാണ് രണ്ടാംസ്ഥാനം. എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്ക് മൂന്നാംസ്ഥാനം നേടി. ഒന്ന്,രണ്ട്, മൂന്ന് സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്കു യഥാക്രമം 25,20,15 ലക്ഷം രൂപ വീതം ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

മികച്ച ജില്ലാപഞ്ചായത്തിനുള്ള അവാർഡ് കൊല്ലം ജില്ലാപഞ്ചായത്ത് നേടി.മലപ്പുറം ജില്ലാപഞ്ചായത്തിനാണ് രണ്ടാംസ്ഥാനം.ഒന്നാംസ്ഥാനക്കാർക്കു 25 ലക്ഷം രൂപയും രണ്ടാംസ്ഥാനക്കാർക്കു 20 ലക്ഷം രൂപയും ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നൽകും.ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ മികവുപുലർത്തിയ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാംസ്ഥാനം തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിനും രണ്ടാം സ്ഥാനം ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനും മൂന്നാസ്ഥാനം എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിനും ലഭിച്ചു. അവാർഡു നേടിയ പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്കു സാക്ഷ്യപത്രവും മൊമൊന്റോയും നൽകും.



നഗരസഭകളിലെ ബജറ്റിനെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സംസാരിക്കുന്നു

# നഗരസഭ വൈസ് ചെയർമാൻമാർക്കു ബജറ്റിൽ പരിശീലനം

**ന**ഗരസഭകളിലെ ബജറ്റിനെക്കുറിച്ച് നഗരസഭ വൈസ് ചെയർമാൻമാർക്കു കിലയിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു.കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, ഡെപ്യൂട്ടി ചെയർപേഴ്സൺ ചേംബർ ചെയർമാൻ മജീദ് മാസ്റ്റർ, സുൽത്താൻ ബത്തേരി നഗരസഭ വൈസ് ചെയർപേഴ്സൺ ജിഷ ഷാജി, കോർഡിനേറ്റർ അപർണ എന്നിവർ സംസാരിച്ചു.ബജറ്റിന്റെ അടിസ്ഥാന തത്വങ്ങൾ, ബജറ്റ് പത്രിക തയ്യാറാക്കൽ, ബജറ്റ് പ്രസംഗം, ബജറ്റ് നിയന്ത്രണം എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. 53 നഗരസഭകളിലെ വൈസ് ചെയർമാൻമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പാലാ മുനിസിപ്പൽ സെക്രട്ടറി അഡ്വ.ടോബി തോമസ്, പെരുമ്പാവൂർ മുനിസിപ്പൽ സെക്രട്ടറി ഫെയ്സുദ്ദീൻ തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.



മികച്ച ജില്ലാപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **ജഗദമ്മ** ഏറ്റുവാങ്ങുന്നു

# **അധികാരവികേന്ദ്രീകരണം:** കേരളം രാജ്യത്തിനു മാതൃകയെന്നു ഗവർണർ

**അ**ധികാരവികേന്ദ്രീകരണത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്നു ഗവർണർ പി.സദാശിവം. സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷം കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. ഭൂപരിഷ്കരണം, ജനകീയാസൂത്രണം, സാക്ഷരത, ആരോഗ്യമേഖലകളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്കു വഴികാട്ടിയാണ്.തദ്ദേശസ്ഥാപനങ്ങളിൽ 50 ശതമാനം വനിതാസംവരണം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനവും കേരളമാണ്. അധികാരവികേന്ദ്രീകരണത്തിന്റെ കേരള മോഡലാണ് മറ്റുള്ളവർ പകർത്തുന്നത്.ഹരിതകേരളം ആർദ്രം പദ്ധതികൾ നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം.സംസ്ഥാനചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയാണ് വരാൻ പോകുന്നത്. അതു മുന്നിൽ കണ്ടുള്ള നീർത്തടാധിഷ്ടിത പദ്ധതികൾ ആവിഷ്ക്കരിക്കണം. കേരളത്തിൽ നഗരവത്ക്കരണം ത്വരിതഗതിയിലാണ്. അതിനാൽ മാലിന്യം കുന്നുകൂടുന്നു.പകർച്ചവ്യാധിക്കും തേരുവുനായ്ക്കൾ പെരുകുന്നതിനും ഇതിടയാക്കുന്നു.മാലിന്യസംസ്കരണം വലിയ പ്രശ്നമാണ്.

കേരളത്തിൽ കൃഷിയിടങ്ങൾ കുറയുന്നു.ഹരിതകേരളം പദ്ധതിയിലൂടെ കൃഷി തിരിച്ചുപിടിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇതിനു സഹായകരമായ നിലപാട് തദ്ദേശസ്ഥാപനങ്ങൾ കൈകൊള്ളണം. ദുർബലരേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും മുന്നിൽ കണ്ടുവേണം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതെന്നും ഗവർണർ വ്യക്തമാക്കി.



മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള ഒന്നാംസ്ഥാനം കരസ്ഥമാക്കിയ
എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് **എം.സി.മോഹനൻ** സ്വരാജ് ട്രോഫി സ്വീകരിക്കുന്നു



മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നാംസ്ഥാനം പങ്കിട്ട ചെമ്പിലോട്
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് **പി.വി.ലക്ഷ്മി** പുരസ്കാരം സ്വീകരിക്കുന്നു.



മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നാംസ്ഥാനം പങ്കിട്ട ശ്രീകൃഷ്ണപുരം
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് **ഷാജു ശങ്കരൻ** പുരസ്കാരം ഏറ്റുവാങ്ങുന്നു.



മികച്ച രണ്ടാമത്തെ ജില്ലാപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി മലപ്പുറം
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **എ.പി.ഉണ്ണികൃഷ്ണൻ** ഏറ്റുവാങ്ങുന്നു.



മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള രണ്ടാംസ്ഥാനം കരസ്ഥമാക്കിയ കൊട്ടാരക്കര
ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ സ്വരാജ് ട്രോഫി സ്വീകരിക്കുന്നു

## ചോദ്യങ്ങൾക്കു മറുപടി

? പഞ്ചായത്ത് പ്രസിഡന്റിനു ഔദ്യോഗിക വാഹനം വീട്ടിൽ പോകാൻ ഉപയോഗിക്കാമോ?

● ഉപയോഗിക്കാം. ഒരു ദിവസം ഒരു പ്രാവശ്യം വീട്ടിൽ പോകാനും വരാനും പഞ്ചായത്തിന്റെ വാഹനം പ്രസിഡന്റിനു ഉപയോഗിക്കാം.(സർക്കുലർ നമ്പർ.62092/ഇ.എം,.2/07/തസ്വഭവ/13.6.2009)

? വൃദ്ധജനങ്ങൾക്കു കട്ടിൽ നൽകാമോ? യൂണിറ്റ് കോസ്റ്റ് എത്രയാണ്.

● പട്ടികജാതി-പട്ടികവർഗ്ഗ/പൊതുവിഭാഗക്കാരായ വൃദ്ധജനങ്ങൾക്കു മാനദണ്ഡ പ്രകാരം കട്ടിൽ നൽകാം.3,500 രൂപയിൽ അധികരിക്കാത്ത കട്ടിൽ വാങ്ങി നൽകണം.ഗുണനിലവാരം ഉറപ്പാക്കണം.(സ.ഉ.(സാധാ)397/2017 തസ്വഭവ.13.2.2017)

? നടീൽവസ്തുക്കൾക്കു 100 ശതമാനം സബ്സിഡി നൽകാമെന്നു പറയുന്നു. ഏതിനെല്ലാം നൽകാം?

● പച്ചക്കറി കൃഷിക്കു ആവശ്യമായ നടീൽവസ്തുക്കൾക്കു 100 ശതമാനം സബ്സിഡി നൽകാം. തെങ്ങ്, മാവ്, ജാതി മുതലായ ഫലവൃക്ഷങ്ങൾക്കു ബാധകമല്ല. (സ.ഉ.(സാധാ)397/2017 തസ്വഭവ.13.2.2017)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

? പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിക്കാൻ ധനസഹായം എന്ന പദ്ധതിയുണ്ട്. ഇതിൽ മുൻകൂർ തുക നൽകാൻ വ്യവസ്ഥയുണ്ടോ?

● പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിക്കാൻ 50 ശതമാനം തുക അഡ്വാൻസ് നൽകാൻ വ്യവസ്ഥയുണ്ട്.(സ.ഉ.(സാധാ)397//2017 തസ്വഭവ.13.2.2017)

? ലാപ് ടോപ്പ് നൽകൽ എന്ന പദ്ധതി വച്ചിട്ടുണ്ട്. ഇതിൽ ലാപ്ടോപ്പിന്റെ വില എത്ര തുക വരെയാകാം?

● 30,000/-രൂപ വരെ വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാൻ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടി പദ്ധതി തയ്യാറാക്കാം. ഡിഗ്രി,പോസ്റ്റ് ഗ്രാജ്വേറ്റ്,പോളിടെക്നിക്ക്, പ്രൊഫഷണൽ കോളജിൽ പഠിക്കുന്നവർ എന്നിവർക്കു നൽകാം. ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. (ഉത്തരവ് നമ്പർ (സാധാ)397/2017.തസ്വഭവ.13.2.2017)



ജനകീയാസൂത്രണത്തിന്റെ ഭാഗമായ വിവിധ മിഷനുകളുമായി ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല പരിശീലനപരിപാടിയിൽ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു

# **വികസനമിഷനുകൾ :** റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല പരിശീലനം തുടങ്ങി

നവകേരളത്തിനു ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായ വിവിധ വികസനമിഷനുകളുമായി ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല പരിശീലനം തുടങ്ങി.തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥന്മാരുമാണ് ദ്വിദിന പരിശീലനത്തിൽ പങ്കെടുത്തത്.തിരുവനന്തപുരം കൈമനത്തെ റീജിണൽ ടെലികോം ട്രെയിനിംഗ സെന്ററിലാണ് പരിശീലനം സംഘടിപ്പിച്ചത്.സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി. ആസൂത്രണ ബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ. ടി.എൻ.സീമ, തദ്ദേശഭരണവകുപ്പുസെക്രട്ടറി ഡോ.വി.കെ.ബേബി, കോഴ്സ് ഡയറക്ടറും കില അസി.പ്രൊഫസറുമായ ഡോ.ജെ.ബി.രാജൻ, സംസ്ഥാന കോർഡിനേറ്റർ സി.കെ.സദനരാജൻ എന്നിവർ സംസാരിച്ചു. മന്ത്രിമാരായ പ്രൊഫ.സി.രവീന്ദ്രനാഥും മാത്യു ടി.തോമസും പങ്കെടുത്തു. ആർദ്രം, ലൈഫ്,പൊതുവിദ്യാഭ്യാസം, ഹരിതകേരളം എന്നീ നാലു വികസനമിഷനുകളെക്കുറിച്ചായിരുന്നു പരിശീലനം. ജനകീയാസൂത്രണപ്രക്രിയയിൽ വികസനമിഷനുകളുടെ പങ്കിനെക്കുറിച്ച് ഡോ.കെ.എൻ.ഹരിലാലും ഹരിതകേരളം മിഷനെപറ്റി. ഡോ.ടി.എൻ.സീമയും ലൈഫ് മിഷനെസംബന്ധിച്ച് തദ്ദേശഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.ജോസും സംസാരിച്ചു. കുടുംബശ്രീ എക്സി.ഡയറക്ടർ ഡോ.ഹരികിഷോർ, സർവശിക്ഷ അഭിയാൻ ഡയറക്ടർ ഡോ.എ.പി.കൃഷ്ണൻകുട്ടി, മെഡിക്കൽ കോളജ് റിട്ട.പ്രൊഫസർ ഡോ.കെ.വിജയകുമാർ,കൃഷി ഡയറക്ടർ ഡോ.ബിജു പ്രഭാകരൻ, ശുചിത്വമിഷൻ എക്സി.ഡയറക്ടർ ഡോ.കെ.വാസുകി, കുടുംബശ്രീ പ്രോഗ്രാം ഡയറക്ടർ ബിനു ഫ്രാൻസിസ് എസ്.ആർ.ജി മെമ്പർ എസ്.ജമാൽ തുടങ്ങിയ പ്രമുഖർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. സമാപനച്ചടങ്ങിൽ ഡോ.ടി.എൻ.സീമ, ഡോ.അജയ്കുമാർ വർമ്മ, ഡോ.ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു.

# സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതെങ്ങനെ?



**കഴിഞ്ഞ നാലു പഞ്ചവത്സരപദ്ധതികളിലൂടെ നേടിയ നേട്ടങ്ങളും കോട്ടങ്ങളും വിശകലനവിധേയമാക്കി ഇന്നത്തെ അവസ്ഥയും അതിനുള്ള വികസന പരിഹാരവും നിർദ്ദേശിക്കുന്നതിനെയാണ് സ്റ്റാറ്റസ് റിപ്പോർട്ട് എന്നു പറയുന്നത്. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തലാണ് സ്റ്റാറ്റസ് റിപ്പോർട്ടിന്റെ രണ്ടാംഭാഗത്തിൽ നടത്തേണ്ടത്. വികസനപരിപ്രേക്ഷ്യമാണ് മൂന്നാം ഭാഗത്തിൽ ചേർക്കേണ്ടത്. ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വികസനപരിപ്രേക്ഷ്യമാണ് ഈ ഭാഗത്തു നൽകുന്നത്. നാലാം ഭാഗത്തിലാണ് പ്രോജക്ട് ആശയങ്ങൾ പങ്കുവയ്ക്കേണ്ടത്. വൈദഗ്ദ്ധ്യം നേടിയ ആളുകളുടെ സേവനവും സഹകരണവും വിവിധ തലങ്ങളിൽനിന്നു ലഭ്യമാക്കുന്ന വിവരശേഖരണവുമാണ് അത്യാവശ്യം വേണ്ടത്.**

**കേ**രളത്തിലെ തദ്ദേശസ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്കു പ്രവേശിക്കുകയാണ്.ഒമ്പതാം പഞ്ചവത്സരപദ്ധതി മുതൽ ജനകീയാസൂത്രണത്തിലൂടെയാണ് പദ്ധതികൾക്കു രൂപം നൽകിവരുന്നത്. ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചിട്ട് നാലു പഞ്ചവത്സരപദ്ധതികൾ പൂർത്തിയാകുന്നു. ഈ നാലു പഞ്ചവത്സരപദ്ധതികളിലും വിഭാവനം ചെയ്ത വികസനസങ്കൽപ്പങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ പൂർത്തീകരിച്ച് കേരളത്തിനെ വികസനപന്ഥാവിൽ എത്തിക്കാൻ കഴിഞ്ഞോ എന്ന് ആത്മപരിശോധന നടത്തേണ്ട സമയമാണിത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്കു പ്രവേശിക്കുമ്പോൾ കഴിഞ്ഞ നാലു പഞ്ചവത്സരപദ്ധതികളിലൂടെ നേടിയ നേട്ടങ്ങളും കോട്ടങ്ങളും വിശകലനവിധേയമാക്കേണ്ടതുണ്ട്. അപ്രകാരം വിശകലനം ചെയ്ത് ഇന്നത്തെ അവസ്ഥയും അതിനുള്ള വികസന പരിഹാരവും നിർദ്ദേശിക്കുന്നതിനു അടിയന്തിരമായും അവസ്ഥാവിശകലന റിപ്പോർട്ട് (സ്റ്റാറ്റസ് റിപ്പോർട്ട്) തയ്യാറാക്കേണ്ടിയിരിക്കുന്നു.

സർക്കാർ പുറപ്പെടുവിച്ച (സ.ഉ.എം.എസ്)10/2017 തസ്വഭവ,11/2017 തസ്വഭവ.തീയതി 9.2.17 എന്നീ ഉത്തരവുകൾ പ്രകാരം അടിയന്തിരമായി വർക്കിംഗ് ഗ്രൂപ്പുകളും ആസൂത്രണസമിതികളും എല്ലാ തദ്ദേശസ്ഥാപനങ്ങളിലും രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ടാകും. വർക്കിംഗ് ഗ്രൂപ്പുകളാണ് സ്റ്റാറ്റസ് റിപ്പോർട്ട തയ്യാറാക്കേണ്ടത്. ആവശ്യമായ നേതൃത്വവും സഹായങ്ങളും തദ്ദേശസ്ഥാപനതല ആസൂത്രണ സമിതികൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. എങ്ങനെയാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് എന്നതിന്റെ നിർദ്ദേശങ്ങളും ഫോറങ്ങളും മാതൃകകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിനു പ്രധാനമായും നാലുഭാഗങ്ങൾ ഉണ്ടായിരിക്കണം. ഓരോവികസനമേഖലയുടേയും അവസ്ഥാവിശകലനം അതതു മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഒന്നാം ഭാഗമായി നൽകണം. ആ മേഖലയുടെ അടിസ്ഥാനവിവരങ്ങൾ ആദ്യമായി ചേർക്കണം. അതിനുശേഷം ആ വികസനമേഖല അനുഭവിക്കുന്ന പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും പരിഹാരസാദ്ധ്യതകളും ചേർക്കണം. അടിസ്ഥാനവിവരങ്ങൾ കൃത്യമായി ശേഖരിച്ച് ഫോറം നമ്പർ 1.1. ൽ1.1.4 വരെ ഇനങ്ങളായി ചേർക്കണം. സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഇതിനായി വിദഗ്ദ്ധരുടെ ഉപദേശവും ആവശ്യമായ രേഖകളുടെ ശേഖരണവും ആകാവുന്നതാണ്. അതിനുശേഷം പ്രശ്ന വിശകലനം നടത്തണം. ഇതിനായി ഫോറം1.2 ഉപയോഗിക്കാം. പ്രശ്നങ്ങളുടെ തീവ്രത അടിസ്ഥാനമാക്കിയാണ് ഇനിയുള്ള പ്രോജക്ട് രൂപീകരണവേളയിൽ മുൻഗണന നിശ്ചയിക്കേണ്ടത്.

സ്റ്റാറ്റസ് റിപ്പോർട്ടിന്റെ രണ്ടാംഭാഗത്തിൽ മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തലാണ് നടത്തേണ്ടത്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യനാലുവർഷങ്ങളിൽ നടത്തിയ പ്രോജക്ടുകളുടെ വിശകലനം നിശ്ചിത ഫോറത്തിൽ തയ്യാറാക്കണം. ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതികളും ലക്ഷ്യം നേടാതെ പോയതുമൊക്കെ ഇവിടെ വിശകലനം ചെയ്യാൻ കഴിയുന്നു. തദ്ദേശസ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കിയ സുലേഖ സോഫ്റ്റ്വെയറിൽനിന്നും ഇക്കാര്യങ്ങൾ എടുത്തു പരിശോധിക്കാൻ കഴിയും.

വികസനപരിപ്രേക്ഷ്യമാണ് മൂന്നാം ഭാഗത്തിൽ ചേർക്കേണ്ടത്.ഹ്രസ്വകാലാടിസ്ഥാനത്തിലും 2030 വരെയുള്ള ദീർഘകാലാടിസ്ഥാനത്തിലുമാണ് വികസനപരിപ്രേക്ഷ്യം നിശ്ചയിക്കേണ്ടത്.തദ്ദേശസ്ഥാപനത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധി കാലയളവിലേക്കും തുടർന്ന് 2030 വരെയുള്ള ദീർഘകാലാടിസ്ഥാനത്തിലെ വികസനപരിപ്രേക്ഷ്യവുമാണ് ഈ ഭാഗത്തു നൽകുന്നത്.തദ്ദേശസ്ഥാപത്തിന്റെ വികസനസ്വപ്നങ്ങൾ ഇവിടെ പങ്കുവയ്ക്കാം. ഈ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രോജക്ട് ആശയങ്ങൾ രൂപം കൊള്ളേണ്ടതു ഈ പരിപ്രേക്ഷ്യത്തിൽനിന്നായിരിക്കണം. നിശ്ചിതഫോർമാറ്റിലാണ് ഇവയും തയ്യാറാക്കേണ്ടത്. ഓരോ വികസനസ്വപ്നവും സമയബന്ധിതമായി കൈവരിക്കുന്നതിനു കൃത്യമായ സൂചികകൾ കൂടി നിർണയിച്ച് ഇവിടെ ചേർത്താൽ ഇന്നത്തെ വികസന അവസ്ഥ എന്താണെന്നും കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം എന്താണെന്നും മുൻകൂട്ടി നിശ്ചയിക്കാൻ കഴിയും. പ്രശ്നങ്ങളുടെ തീവ്രത(ലഘു, ഗുരുതരം, അതീവഗുരുതരം) എന്നീ അടിസ്ഥാനത്തിൽ തരംതിരിച്ച് മുൻഗണന നൽകി പ്രശ്നപരിഹാരത്തിനുള്ള ലക്ഷ്യം നേടാൻ കഴിയണം.

നാലാം ഭാഗത്തിലാണ് പ്രോജക്ട് ആശയങ്ങൾ പങ്കുവയ്ക്കേണ്ടത്. വികസനപരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഫോറം നാലിൽ പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കണം. ഈ പ്രോജക്ട് ആശയങ്ങളാണ് തദ്ദേശസ്ഥാപനത്തിന്റെ ഓരോവർഷത്തേയും പദ്ധതികളായി മാറേണ്ടത്. കൃത്യതയാർന്നതും കുറ്റമറ്റതുമായ സ്റ്റാറ്റസ് റിപ്പോർട്ട് ഓരോ തദ്ദേശസ്ഥാപനവും തയ്യാറാക്കുകയാണെങ്കിൽ അതിൽനിന്നു ഉയർന്നുവരുന്ന പദ്ധതിപ്രവർത്തനം തീർച്ചയായും ആ തദ്ദേശസ്ഥാപനത്തിന്റെ വികസനത്തിനു ഒരു മുതൽകൂട്ടാകും. ആയതിനു ആവശ്യമായ വൈദഗ്ദ്ധ്യം നേടിയ ആളുകളുടെ സേവനവും സഹകരണവും ഉറപ്പാക്കുകയും വിവിധ തലങ്ങളിൽനിന്നു ലഭ്യമാക്കുന്ന വിവരശേഖരണവുമാണ് അത്യാവശ്യം വേണ്ടത്.

**വി.ജി.ശശിധരൻ**



പട്ടികജാതിവികസനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച പരിശീലനത്തിന്റെ ഭാഗമായുള്ള ഗ്രൂപ്പ് ചർച്ച

## പട്ടികജാതി വികസനം: 6,000 പേർക്കു കില പരിശീലനം നൽകുന്നു

പട്ടികജാതിവികസനവുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിൽ കില നടത്തിവരുന്ന പരിശീലന പരിപാടി പുരോഗമിക്കുന്നു. പട്ടികജാതി വികസനത്തിതനായി ഗ്രാമപഞ്ചായത്തുകൾ സമഗ്രപദ്ധതി തയ്യാറാക്കുമ്പോൾ വിവിധ കേന്ദ്ര -സംസ്ഥാന-പ്രാദേശിക പദ്ധതികളുമായുള്ള ഏകോപനവും സംയോജനവും എങ്ങനെ ഫലപ്രദമായി നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് പരിശീലനം. കിലയ്ക്കു പുറമെ അടൂർ, ആലുവ, കാസർകോട് എന്നീ കേന്ദ്രങ്ങളിലാണ് ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. പട്ടികജാതി പ്രമോട്ടർമാർ, പട്ടികജാതിവികന ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറിമാർ, പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, വൈസ് ചെയർമാൻമാർ എന്നിവർക്കാണ് പരിശീലനം. സംസ്ഥാനത്ത് മൊത്തം 6,000 പേർക്കു പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. പരിശീലനത്തിനായി 350 ൽ പരം പേജുള്ള രണ്ടു പരിശീലനസഹായികളും കില തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിലെ പട്ടികജാതിക്കാരുടെ സ്ഥിതിവിശേഷം, തൊഴിൽ, സ്വയംതൊഴിൽസ്കീമുകൾ, ആരോഗ്യവുമായി ബന്ധപ്പട്ട സ്കീമുകൾ, പട്ടികജാതി വികസനത്തിൽ പ്രായോഗികതലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ,വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ക്ഷേമപദ്ധതികൾ വിവിധ വകുപ്പുസേവനങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് പരിശീലനം. പരിശീലനം നൽകുന്നതിനു 60 ഫാക്കൽറ്റികളെ കില സജ്ജമാക്കിയിട്ടുണ്ട്.കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്,കോർഡിനേറ്റർ എം.കെ.രവീന്ദ്രനാഥ് എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്. സംസ്ഥാനത്തെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതിവിഭാഗക്കാർ 53 വിഭാഗങ്ങളായിട്ടാണ് നിലനിൽക്കുന്നത്.

## നവകേരളാമിഷൻ പഞ്ചായത്തുകളെ ശക്തിപ്പെടുത്തും: ചീഫ് സെക്രട്ടറി

സംസ്ഥാനസർക്കാരിന്റെ നവകേരളാമിഷൻ പദ്ധതികൾ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുമെന്നു ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് പറഞ്ഞു. പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച നവകേരളത്തിനായി ജനകീയാസൂത്രണം സെമിനാറിൽ വിഷയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മിഷൻ വഴി പഞ്ചായത്തുകൾക്കു കൂടുതൽ പിന്തുണ ലഭിക്കും. പദ്ധതികളുടെ ഗുണനിലവാരം വർദ്ധിക്കും. പഞ്ചായത്തുകൾക്കു കൂടുതൽ ഫണ്ടു ലഭിക്കുന്നതോടെ ജനോപകാരപ്രദമായ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാം. വികസനത്തിൽ കേരളത്തിന്റെ മാതൃക എല്ലാവരും ചർച്ച ചെയ്യുന്നതാണ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ പദ്ധതി ആസൂത്രണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. തൊഴിലുറപ്പിനെ ഹരിതകേരളം പദ്ധതിയുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും. ജലസേചനവിഭാഗം പഞ്ചായത്തിന്റെ നീർത്തട പദ്ധതികൾക്കു സാങ്കേതിക സഹായം നൽകും. പഞ്ചായത്തിന്റെ അധികാരം ഒരിക്കലും നഷ്ടപ്പെടില്ല. വികേന്ദ്രീകരണം ശക്തിപ്പെടുകയാണു ചെയ്യുക. അതുപോലെ പഞ്ചായത്തു നിർദ്ദേശിച്ച മുൻഗണനാലിസ്റ്റിലും ഫണ്ട് അനുവദിക്കുന്നതിലും ഒരു മാറ്റവും ഉണ്ടാകില്ല. ഉദ്യോഗസ്ഥമേധാവിത്വമോ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കു ജോലിഭാരം കൂടുമെന്ന ഭയമോ വേണ്ടെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

## ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകിവരുന്ന വിവിധ തരം ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി, ഭവനനിർമ്മാണത്തിനൊഴികെ പൊതുവിഭാഗം ഗുണഭോക്താക്കൾക്കു ഒരു ലക്ഷം രൂപയായും എസ്.സി.വിഭാഗത്തിനു 1.5 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിനു വരുമാനപരിധി ബാധകമല്ല. വീടുനിർമ്മിക്കുന്നതിനുള്ള വരുമാനപരിധി നിലവിലുള്ള 50,000/- രൂപയായി തുടരുന്നതാണ്. പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കു വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനു വരുമാനപരിധി നോക്കേണ്ടതില്ല. പൊതവിഭാഗം ഗുണഭോക്താക്കൾക്കു മാത്രം വീടുനൽകുന്നതിനുള്ള വരുമാനപരിധി 50,000/- രൂപതന്നെയായി തുടരുന്നതാണ്.(സ.ഉ.(സാധാ)2464/2016 തസ്വഭവ.തീയതി.17.8.16) സ.ഉ.(സാധാ)2870/2016 തസ്വഭവ.തീയതി.14.102016) എന്നീ ഉത്തരവുകൾ കാണുക. തദ്ദേശസ്ഥാപനങ്ങൾ നൽകിവരുന്ന ആനുകൂല്യങ്ങൾക്കു പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവർക്കു വരുമാനപരിധി ബാധകമല്ല എന്നും ഉത്തരവായിട്ടുണ്ട്.(സ.ഉ.(സാധാ)2959/2016/ തസ്വഭവ.തീയതി.28.10.2016)



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**